# ഇയ്യോബ്

## (സഹിക്കുന്നവൻ, വഹിക്കുന്നവൻ)

**പാഠഭാഗം:** ഇയ്യോബ് 1,2,42 അധ്യായങ്ങൾ (ഇയ്യോബിന്റെ ചരിത്രം)

ഇയ്യോബ്. 2 – 41 അധ്യായങ്ങൾ (സ്നേഹിതരുമായുള്ള സംവാദം)

**മനഃപാഠം:** യാക്കോബ് 1: 12

“പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തംചെയ്ത ജീവകിരീടം പ്രാപിക്കും.”

**താക്കോൽവാക്യം:** “ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതികരിക്കുന്നവൻ ദൈവം. ശിക്ഷവിധിക്കുന്നവൻ ആർ?” (റോമ. 8:33).

**ലക്ഷ്യം**

നമുക്ക് രോഗങ്ങളും കഷ്ടതകളും സംഭവിക്കുമ്പോൾ അത് പാപംമൂലം മാത്രമല്ല, പ്രത്യുത, സാത്താൻ ലജ്ജിക്കേണ്ടതിനും ദൈവനാമത്തിനു മഹത്വം ലഭിക്കേണ്ടതിനും കൂടെയാണ്. ദൈവം നമ്മെ ക്രിസ്തുവിൽ നീതികരിക്കുമ്പോൾ ലോകവും പിശാചും നമ്മെ കുറ്റംവിധിക്കും. മനുഷ്യന്റെ യുക്തി പലപ്പോഴും ദൈവഹിതത്തിനു എതിരായിരിക്കും. ദൈവഹിതം മനുഷ്യയുക്തിക്കു അതീതമാണ്. നാം യഹോവയിൽ തന്നെ ആശ്രയിക്കുമ്പോൾ നമ്മിലൂടെ മറ്റുള്ളവരും ദൈവമഹത്വം ദർശിക്കും.

**ബൈ**ബിളിലെ പുരാതനരായ വ്യക്തികളിൽ ഒരുവനായിരുന്നു ഇയ്യോബ്. തന്റെ ഗോത്രം, മാതാപിതാക്കൾ, ജീവിതസ്ഥലം, കാലം മുതലായവ വ്യക്തമായി പറയുന്നില്ല. എന്നാൽ, വേദപുസ്തക തെളിവുകൾ അടിസ്ഥാനമാക്കിയാൽ ഗോത്രപിതാക്കന്മാർക്കു മുൻപായി താൻ ജീവിച്ചിരുന്നു എന്നു അനുമാനിക്കാൻ തെളിവുകളുണ്ട്.

1. അക്കാലങ്ങളിൽ സമ്പത്തായി പരിഗണിച്ചിരുന്നത് കാളകൾ, കഴുതകൾ, ഒട്ടകങ്ങൾ, ദാസിദാസന്മാർ എന്നിവയായിരുന്നു. ഇയ്യോ. 1:3 ൽ പറ

# Job

## (One who forbears and holds)

**Scripture Portion**: Job 1,2,42 (Job's history)

Job: 2- 41 (Dialogue with friends)

**Memory Verse**: Jam. 1: 12

“Blessed is the man who endures trial, for when he has stood the test he will receive the crown of life which God has promised to those who love him.”

**Key Verse**: “Who shall bring any charge against God's elect? It is God who justifies; who is to condemn.” (Rom. 8:33)

Objective: We face illness and sufferings. It is not because of the sin alone, but for Satan to become shameful and for the glory of God. When God justifies us in Christ, the World and Satan will make charges against us. Men's intellect in most of the times will act against God's will. When we trust upon God everyone who is near to us will see the glory of God.

Job was one of the patriarchs recorded in the Bible. His tribe, parents, place and time of living are not mentioned in the Bible. If we see evidences based in the Bible, we can prove his time, even before the sons of Jacob lived.

1. Then, wealth was considered in the

ഞ്ഞിരിക്കുന്ന തന്റെ സ്വത്തുവിവരം ശ്രദ്ധിക്കുക.

2. അക്കാലങ്ങളിൽ പിതാക്കന്മാർ സ്വയമായി യാഗംകഴിക്കുകയും പുരോഹിതശുശ്രൂഷ നിർവ ഹിക്കുകയുമായിരുന്നു (1:5).

ഊസ്ദേശത്തിന് ഏദോംദേശവുമായി ബന്ധ മുണ്ടായിരുന്നു എന്ന് ഊഹിക്കപ്പെടുന്നു. ഏശാവ് അഥവാ ഏദോം ചാവുകടലിന് ഏതാനും മൈൽ തെക്ക് സെയീർ പർവതപ്രദേശത്തായിരുന്നു താ മസിച്ചിരുന്നത് (വിലാ. 4:21; യിരെ. 25:20). ഇയ്യോ ബിന്റെ മൃഗസമ്പത്തിനെ ആക്രമിച്ച ശെബായർ അറേബ്യയുടെ തെക്കുപടിഞ്ഞാറായും കൽദയർ അറേബ്യയുടെ വടക്കുകിഴക്കുമാണ്. ഊസ്ദേശം ഈ രണ്ടു പ്രദേശങ്ങളുടെയും മധ്യഭാഗത്തായി രുന്നു എന്ന് അനുമാനിക്കാം.

**ഇയ്യോബ്; വ്യക്തിവിവരം**

**1. നിഷ്കളങ്കൻ, നേരുള്ളവൻ, ദോഷംവി ട്ടകലുന്നവൻ** (1:1); **2. ധനവാനായിരുന്നു** (1:25) പുത്രിപുത്രന്മാർ (3+4), 7000 ആട്, 3000 ഒട്ടകം, 500 ഏർ കാള, 500 പെൺകഴുത ഉണ്ടായിരുന്നു; **3. പ്രാർഥിക്കുന്ന മനുഷ്യൻ** (1:5) മക്കളെ വിളി ച്ചുവരുത്തി അവർ ദൈവത്തെ ത്യജിക്കാതിരി ക്കാൻ ഹോമയാഗം കഴിച്ചിരുന്നു (1:5) ഉത്തമ നായ പിതാവ്. **4. പൊതുജനസമ്മതൻ–** തനിക്കു ധാരാളം സ്നേഹിതരുണ്ടായിരുന്നു (29:21–25) ഇയ്യോബിനോട് ആലോചന ചോദിക്കാനും തന്റെ പ്രസാദം നേടുന്നതിനും നേതൃത്വം അംഗീ കരിക്കുന്നതിനും സന്നദ്ധരായവർ അനവധിയാ യിരുന്നു. **5. ഉത്തമസാക്ഷ്യം** ദൈവത്തിൽ നിന്നു പ്രാപിച്ചിരുന്നു.

**ഇയ്യോബ് പരീക്ഷിക്കപ്പെടുന്നു (1:6 –12)**

സാത്താൻ ഇയ്യോബിനെ പരീക്ഷിക്കാൻ ദൈ വം അനുമതി നൽകി (1: 13–22). തനിക്കുള്ളതി നെയൊക്കെ സാത്താൻ പരീക്ഷിച്ചു (2: 1–10). ത ന്റെ പ്രാണനെ ഒഴികെ ശരീരത്തെ തൊട്ടുള്ള പ രീക്ഷ. ഇതിലും ഇയ്യോബ് ദൈവത്തെ തള്ളിപ്പ റഞ്ഞില്ല. ഇയ്യോബ് പരീക്ഷിക്കപ്പെട്ടതിനെ പരി ശോധിച്ചാൽ അതിന്റെ പിന്നിലെ ഉദ്ദേശ്യം വെളി പ്പെടും.

A. **ഇയ്യോബിനു വേണ്ടി ദൈവം എത്രമാത്രം പ്രവർത്തിച്ചു. തന്റെ കൃപ എത്ര വലിയതായിരുന്നു എന്നു കാണിക്കുന്നതിന്.**

form of oxen, she- asses. camels, and servants. (Job. 1:3)

2. In those days, burnt offerings could be done by the male parents and they would be allowed to do priestly jobs (Job. 1:5).

Uz, is related to Edom. Esau or Edom lived in the east of Dead Sea, which is south to the Mt. Seir. (Lam. 4: 21: Jer.25: 20) The Sabeans who attacked the cattle of Job, were living in the south-west of Arabia and Chaldeans were living at north-east of Arabia. We can believe that, Uz is in between these two places.

**Job: Individual Records**

1. Blameless, Upright, One who turns away from evil (1:1)

2. Rich (1:25) Sons and Daughters (3+4), 7000 Sheep, 3000 camels, five hundred yoke of oxen, 500 she- asses

3. Prayerful man (1:5) He calls his children and do burnt offerings at regular intervals in order to maintain their relation with God.

4. He was respected personality – He has many friends. (Job. 29:21-25) There were many who ask advice from Job and people were ready to accept his

5. He received a great testimony from God.

**Job Being Testified**

God consented devil to testify Job. (1: 13-22). Satan testified everything that Job had. (Job. 2:1-10). Job was tempted and

പരിശോധനകളും പരീക്ഷകളും നാം നമ്മെ ത്തന്നെ സ്വയം വിലയിരുത്തുന്നതിനുള്ള അവ സരമാണ് (ഉൽപ. 42:21; ദാനീ. 9: 4,5). നല്ലവനാ യിരുന്നെങ്കിലും സ്വയനീതിക്കാരനായിരുന്നു ഇയ്യോബ്. 'ഞാൻ', 'എന്റെ' മുതലായ സ്വയവി ശേഷപദങ്ങൾ 50 ൽ അധികം ഇയ്യോബിന്റെ പുസ്തകത്തിൽ കാണാം. റോമ. 7: 15–24 ഭാഗത്ത്, 'ഇച്ഛിക്കാതെ തന്നെ പാപത്തിൽ വീണുപോകു ന്നതായി' പൗലൊസ് പ്രബോധിപ്പിക്കുന്നു. എല്ലാ വിധ ശ്രമത്തിനുമൊടുവിൽ തന്റെ അറിവും യുക്തിയും ശ്രമിച്ചനന്തരം അവശനായിത്തീർന്ന പ്പോൾ ദൈവത്തിനു വിധേയനായ ഇയ്യോബിനെ ദൈവം ഉയർത്തി.

B. **സാത്താൻ ലജ്ജിക്കേണ്ടതിന് (1:6 1 2; 2:1 –10)**

വേദഭാഗത്തിൽ പറഞ്ഞതുപോലെ ദൈവമ ക്കളെക്കുറിച്ചു ദൂഷണംപറയാൻ തക്കംപാർത്തു നടന്ന സാത്താൻ ഇയ്യോബിനെക്കുറിച്ച് ആരോ പണംപറയാൻ ദൈവസന്നിധിയിലെത്തി, ദൈവ ത്തോടു വാദിക്കുന്നു. ഇയ്യോബിനു ചുറ്റും വേലി കെട്ടി അവനുള്ളതൊക്കെയും പാലിച്ചിരിക്കുന്ന തിനാൽ അവന്റെ പ്രവൃത്തി അനുഗ്രഹിക്കപ്പെട്ട് ധാരാളം സമ്പത്ത് വർധിക്കുന്നു. ആ വേലിമാറ്റി യാൽ ഇയ്യോബ് ദൈവത്തെ ത്യജിക്കും എന്നു സാത്താൻ വാദിച്ചു. ദൈവം അനുമതി നൽകി. പക്ഷെ, സാത്താൻ ലജ്ജിക്കേണ്ടിവന്നു.

C. **മാനുഷയുക്തിയും ചിന്താഗതിയും നിഗമന ങ്ങളും പരാജയപ്പെടുമ്പോൾ ദൈവത്തിന്റെ പദ്ധതി വിജയിച്ചു ദൈവനാമം മഹത്വപ്പെടും എന്നു കാണി ക്കുന്നതിന്.**

ഇയ്യോബിന്റെ സമ്പത്തിനെ തൊട്ടിട്ടു സാധി ക്കാതെ വന്നപ്പോൾ, തന്റെ ആരോഗ്യമുള്ള ശരീ രത്തെ തൊട്ടാൽ താൻ ദൈവത്തെ തള്ളിപ്പറയു മെന്നു സാത്താൻ വാദിക്കുന്നു. എന്നാൽ, നഷ് ടവും ക്ലേശവും രോഗവും ഒക്കെ വന്നെങ്കിലും ഭാര്യപോലും എതിർത്തിട്ടും, ദൈവത്തെ തള്ളി പ്പറഞ്ഞില്ല. സാത്താൻ പ്രതീക്ഷിച്ചതും ആഗ്രഹി ച്ചതും നടന്നില്ല. ദൈവം അനുവദിച്ചാൽ മാത്ര മേ, സാത്താന് നമ്മെ പരീക്ഷിക്കുന്നതിനും പ്രയാ സപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ. ഒരു പിശാചും നമ്മോട് അടുക്കാതിരിക്കാൻ ദൈവം നമുക്കു ചുറ്റും മതിലാണ്. എന്നാൽ, ദൈവം പിശാചിനെ അനുവദിച്ചാൽ അവന് എന്തൊക്കെ

Satan did not spare his life. Job did not sin against God. If we examine Job's temptation, we can understand the objective behind this.

**A. To show God's grace on Job and how much God works for him.**

Temptations and tests are the opportunities that we can evaluate ourselves.( Gen.42:21: Dan. 9:4,5). Job was good, but he is boastful about himself. We can see the terms 'I' and 'mine' around 50 times in the book of Job. In Romans 7: 15-24 Paul reminds us about falling into sin without being attracted by desires. After all endeavors, Job submitted his life unto the hands of God and God blessed him.

**B. To put Satan into Shame (1:6,12; 2: 1-10)**

Satan's job is to say blasphemy against the children of God and it came to the presence of God to talk against Job. Satan argues that if God smashes Job's wall , he will really sin against God. Job was blessed in all ways because God had protected him with walls. God consented devil to tempt Job and Satan became shameful at the end.

**C. To show that God's Plan is above all reasons and thoughts of Mankind.**

Satan argues that Job will sin against God if his body will be afflicted. Satan had failed in all attempts to tempt Job in his wealth. But, Job did not sin against God even though he faced lost and pains, and his wife also asked him to forsake God. Satan can tempt us if God allows evil. God is a wall of fire around us. Job's life depicts

ചെയ്വാൻ കഴിയുമെന്നും ഈ ചരിത്രത്തിലുണ്ട് (ഇയ്യോ. 2:13-17; 19) ഒടുവിൽ ദൈവനാമം മഹത്വപ്പെടുന്നു (42:2-6).

**പരിശോധനകൾ**

1. സാത്താൻ ഇയ്യോബിനു നാശംവരുത്തേണ്ടതിനു ചെന്ന് രണ്ടുജാതികളെ അവനെതിരായി ഉണർത്തിവിട്ടു. അവർ വന്നു മൃഗസമ്പത്ത് അപഹരിച്ചുകൊണ്ടുപോകുന്നു.

2. ആകാശത്തുനിന്നും തീ (ഇടി, മിന്നൽ) ഇവ ഇറക്കി വേലക്കാരെയും ആടുകളെയും മറ്റു മൃഗസമ്പത്തിനെയും നശിപ്പിച്ചു.

3. മരുഭൂമിയിൽ നിന്നും കൊടുങ്കാറ്റടിപ്പിച്ചു. വീടും മക്കളും നശിപ്പിക്കപ്പെട്ടു.

4. ഇയ്യോബിന്റെ ശരീരത്തിൽ വല്ലാതെ പരുക്കളാൽ ബാധിച്ചു (2:7). 1 കൊരി. 5:5 ൽ പിശാചിന്റെ ശക്തിയെക്കുറിച്ച് നമുക്കു മനസ്സിലാക്കാൻ കഴിയും. കൊലൊ. 2:13-15 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തുവിലൂടെ ശത്രുവിന്റെമേൽ ജയോത്സവം കൊണ്ടാടാം എന്നു കാണാൻ കഴിയുന്നു. എല്ലാം നഷ്ടപ്പെട്ടാലും ജീവിതത്തിൽ ക്രിസ്തു ഉണ്ടെങ്കിൽ ഒന്നും നഷ്ടമാകില്ല. വിജയവും മഹത്വവും അന്തിമമായി ദൈവത്തിനു മാത്രമുള്ളതാണ്.

**ഇയ്യോബും സ്നേഹിതന്മാരും (2: 11-13)**

എലീഫസ്, ബിൽദാദ്, സോഫർ, എലീഹൂ എന്നീ നാലുസ്നേഹിതന്മാർ ഇയ്യോബിന്റെ ദുഃഖവാർത്തയറിഞ്ഞ് തന്നെ ആശ്വസിപ്പിക്കാൻ ദുരെനിന്നു വന്നുചേർന്നു. അവരും ഇയ്യോബിനെപ്പോലെ സാമാന്യം ഉന്നതനിലവാരം പുലർത്തിയിരുന്ന രാജാക്കന്മാരായിരിക്കും. അവർ വന്ന് ഏഴു ദിവസം ഒന്നും ഉരിയാടാതെ ദുഃഖിച്ചുകൊണ്ടിരുന്നു. അനന്തരം ഇയ്യോബിന്റെ ദുഃഖകാരണം അവർ ആരാഞ്ഞു. അപ്പോൾ ഇയ്യോബ് തന്റെ സ്ഥിതിയെക്കുറിച്ച് ഏറ്റവും കൈപ്പോടെ തന്നെ ത്താൻ കുറ്റപ്പെടുത്തിക്കൊണ്ടു പറഞ്ഞു. അനന്തരം എലീഫസ് അവനെ ആശ്വസിപ്പിക്കുന്നതിനും അവനോടു വാദിക്കുന്നതിനും തയ്യാറായി. ഇയ്യോബിന്റെ പരിശോധന അവന്റെ പാപംനിമിത്തമാണെന്ന് അവർ ഓരോരുത്തരും പറഞ്ഞു. നീതിമാനെ ദൈവം പരിശോധിക്കയില്ല, പ്രതിഫലം നൽകുകയാണു ചെയ്യുന്നത് (ഇയ്യോ. 4:7) എന്നാണ് എലീഫസിന്റെ വാദം. അനന്തരം ബി

how much Satan afflicts a person.

### Temptations

1. To destroy Job, Satan raised two races against him and they squeezed his wealth in the form of cattle.

2. Satan sends fire from the heavens and killed servants, sheep and cattle

3. Satan blows heavy wind from dessert; Job lost his house and children.

4. Satan afflicted Job with sores. (2:7), From 1 Cori. 5:5, we realize the power of Satan.. In Col. 2:13-15, we see that one can succeed in life through the power of Jesus. If we lost everything, do not afraid. Jesus is with us and he will bless us. Victory and glory is ultimately go with God.

### Job and His Friends

Job's friends came to meet him from afar by knowing his painful situation. They are Eliphus, Bildad, Zophar and Elihu. They might have been rulers in their places and they were possessing high status as that of Job. For seven days they did not speak anything and were worried of the things happened to Job. They asked Job about his sorrowful condition and he replied to them everything with words of contempt about himself. Then Eliphus tried to console him and had to have a dialogue with him. Each one of them claimed that Job's suffering was due to his sin. Eliphus said that God does not testify the just. (Job.4:7) After this, Bildad and Zophar had talked to Job in the

ൽദാദ്, സോഫർ എന്നിവരും ഏറെക്കുറെ അതേ പോലെ തന്നെ ഇയ്യോബിനോടു സംസാരിച്ചു (24:6). ഇയ്യോബ് അപ്പോൾത്തന്നെ തന്റെ കുറ്റ മില്ലായ്മ സ്ഥാപിച്ച് മറുപടി പറയുന്നു. തുടർന്ന് 32-37 വരെയുള്ള അധ്യായങ്ങളിൽ എലീഹൂ ഇയ്യോബിനോടു സംസാരിക്കുന്നു. ദൈവം തന്റെ ശിക്ഷണത്താൽ തന്റെ മക്കളെ കൂട്ടായ്മയി ലേക്ക് വീണ്ടും അടുപ്പിക്കുന്നു എന്നും പാപത്തി ൽ വീഴാതെ സൂക്ഷിക്കുന്നതിന് പരിശോധനകൾ സഹിക്കണം എന്നും പറയുന്നു. ദൈവം സ്നേ ഹിക്കുന്ന ഒരു പിതാവാണെന്ന് അവന്റെ വചന ങ്ങളിൽ ഊന്നിപ്പറയുന്നു.

ദൈവം നീതിമാനാണെന്നു കണ്ട പുരുഷനി ൽ അവർ തെറ്റുകാണുവാൻ ശ്രമിക്കുകയായിരു ന്നു. എലിഹു അവരിൽ പ്രായം കുറഞ്ഞവൻ ആ യതിനാലായിരിക്കണം ഒടുവിൽ സംസാരിച്ചത്. അറിവില്ലാത്ത വാക്കുകളാൽ ആലോചനയെ ഇരുളാക്കുന്നോരിവൻ ആർ? എന്നു ദൈവം പറ യത്തക്കവണ്ണമായിരുന്നു എലീഹൂവിന്റെ വാക്കു കൾ (ഇയ്യോ.38:2). പക്ഷെ, ഈ വാദങ്ങൾ ഒന്നും ഫലവത്തായില്ല.

**ഇയ്യോബും യഹോവയും (38, 39 അധ്യായങ്ങൾ)**

യഹോവ രണ്ടുതവണ ഇയ്യോബുമായി സം സാരിക്കുന്നു. ചുഴലിക്കാറ്റിൽ യഹോവ പ്രത്യ ക്ഷനായി ഇയ്യോബിന്റെ ഗുണീകരണത്തിനു ള്ളവ പറഞ്ഞു. യഹോവയുടെ ചോദ്യങ്ങൾ ഇയ്യോബിന്റെ അറിവിന് അപ്പുറത്തായിരുന്നു. തന്റെ പരിമിതി മനസ്സിലാക്കിയ ഇയ്യോബ്, ദൈ വാലോചനയുടെയും ദൈവികപ്രവൃത്തികളുടെ യും അപ്രമേയതയിൽ തന്നെത്താൻ കാണുക യും മനസിലാക്കി അനുതപിക്കുകയും ചെയ്തു.

40-ാം അധ്യായം 7-ാം വാക്യം മുതൽ 41: 34 വരെ യഹോവ വീണ്ടും ആജ്ഞാപിക്കുന്നതായി കാണുന്നു. ഇയ്യോബിന്റെ അനുസരണം, അനു താപം എന്നിവ കാണിക്കുന്ന വാക്യങ്ങൾ വായി ക്കുക (40:3-5; 42:16).

യഹോവ ആദ്യം അരുളിച്ചെയ്തപ്പോൾ ഇ യ്യോബ് തന്നെത്താൻ താഴ്ത്തി ബലഹീനതകൾ ഏറ്റുപറഞ്ഞു. വീണ്ടും യഹോവ സംസാരിച്ചപ്പോ ൾ ഇയ്യോബ് ദൈവോദ്ദേശ്യത്തെ ശരിയായി ഗ്ര ഹിക്കുകയും വീണ്ടും അനുതപിച്ച് തന്റെ ഒന്നു മില്ലായ്മയും അതിനെ കവിയുന്ന ദൈവമഹത്വ വും ഏറ്റുപറഞ്ഞ് അംഗീകരിക്കുകയും ചെയ്തു.

same way. (24:6) Job then, establishes his blamelessness and gives them reply. Elihu's talks with Job can be seen in the chapters ranging from 32 to 37. Elihu is of the view that God attaches again his men into the communion and do not let anyone sin. So, One has to face temptations. Bible emphasizes the fact that God is a loving father.

They tried to find fault with Job, of whom God has not seen any falsehood. Elihu might be the youngest among them and So he spoke last. God says about Elihu. "Who is this that darkens counsel by words without knowledge" (38:2)

### Job and Yahweh

God talks to Job twice. God appeared to him in typhoon and speaks to Job for his improvement. God's questions are above the knowledge of Job. Job now, comes to realize his limitation and sees the will and counsel of God. He has confessed at last at his works.

We see God's Command from 40: 7 to 41; 34. Read the verses about Job's obedience and confession, (40; 3-5; 42: 16)

When God speak to Job first, he humbles himself and confess his weaknesses. Job realized God's will and accepted the glory of God.

### Yahweh and Job's friends (42:7,9)

God scolded Eliphus, Bildad and Zophar since they had talked against God like Job. They did not perceive the power of God: rather they utter human wisdom (42:7). God asked them to go near Job and

**യഹോവയും ഇയ്യോബിന്റെ സ്നേഹിതന്മാരും (42:7,9).**

എലീഫസ്, ബിൽദാദ്, സോഫർ ഈ മൂന്നു സ്നേഹിതന്മാർ ഇയ്യോബിനെപ്പോലെ ദൈവത്തെക്കുറിച്ച് വിഹിതമായി സംസാരിക്കാഞ്ഞതിനാൽ യഹോവ അവരോടു കോപിച്ചു. ദൈവിക ശക്തിയെ അംഗീകരിക്കാതെ അവർ ന്യായവാദം ചെയ്യുകയായിരുന്നു (42:7). ഏഴുകാളകളെ ഇയ്യോബിന്റെ അടുക്കൽ കൊണ്ടുപോയി തങ്ങളുടെ മോചനത്തിനായി യാഗംകഴിക്കാൻ യഹോവ കല്പിച്ചു. അവരങ്ങനെ ചെയ്തു.

**ഇയ്യോബ് പൂർവനിലയിൽ (42: 9–17)**

ഇയ്യോബ് സ്നേഹിതന്മാർക്കുവേണ്ടി യാഗം കഴിച്ച് നിസ്വാർഥമായി അവരുടെ അനുഗ്രഹത്തിനായി പ്രാർഥിച്ചു. അപ്പോൾ യഹോവ അവന്റെ സ്ഥിതിക്കു ഭേദംവരുത്തി. അവനും അവന്റെ സഹോദരിസഹോദരന്മാരും ഭക്ഷിച്ചു സന്തോഷിച്ചു. അവർ സമ്മാനങ്ങളും അവനുകൊടുത്തു. അവന്റെ പൂർവസ്ഥിതിയെക്കാൾ ഇരട്ടിസ്വത്ത് ദൈവം അവനു കൊടുത്തു. കുട്ടികളെ മാത്രം ഇരട്ടി കൊടുത്തില്ല. എന്തുകൊണ്ട്? (ഭൂമിയിലും സ്വർഗത്തിലുമായി ഇരട്ടി ഉണ്ടായിരുന്നതിനാൽ). അതിനു ശേഷം ഇയ്യോബ് 140 സംവത്സരം കൂടി ജീവിച്ചിരുന്നു. നാലുതലമുറകൾ കൂടി കണ്ടു വൃദ്ധനായി കാലസമ്പൂർണതയിൽ മരിച്ചു. ഇയ്യോബിന്റെ പുസ്തകം ബൈബിളിലെ പദ്യകൃതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എഴുത്തുകാരൻ ആരെന്നു നിശ്ചയമില്ല.

**അഭ്യാസം**

1. ഇയ്യോബിനു വന്ന പരീക്ഷകൾ ഏവ?
2. യഹോവയുടെ വചനത്തിൽ ഇയ്യോബിനുണ്ടായ വ്യത്യാസം എന്തെല്ലാമായിരുന്നു?
3. ഇയ്യോബിന്റെ സ്നേഹിതന്മാരിൽ ആരോടെല്ലാം യഹോവ കോപിച്ചു? കാരണം എന്ത്? പ്രായശ്ചിത്തം എന്ത്?
4. ഇയ്യോബിന്റെ സ്ഥിതി മാറിയപ്പോൾ യഹോവ നൽകിയ അനുഗ്രഹങ്ങളും മുൻപുണ്ടായിരുന്നവയും തമ്മിൽ താരതമ്യപ്പെടുത്തുക.
5. ഇയ്യോബിന്റെ ജീവിതം നൽകുന്ന പ്രായോഗിക പാഠമെന്ത്?
6. ഇയ്യോബിന്റെ ധനം, മക്കൾ, മഹിമകൾ, പ്രത്യേകതകൾ, വന്ന നഷ്ടങ്ങൾ വിശദമാക്കി ചാർട്ടു തയ്യാറാക്കുക.

offer burnt offering by taking seven oxen and it was for their deliverance.

### Job being healed

Job offer sacrifices for his friends without any regret and God changed his condition. Job, with his brothers and sisters had enjoyed the time and they shared gifts between each other. God doubled him in everything. He had not blessed with his children, doubled, why? (They are already doubled both in heaven and earth).After this, Job lived for another 140 years. He sees his fourth generation and breathed his last. The book of Job is included in poetry and there is no idea of authorship.

### Exercise

1. What are the temptations faced by Job?
2. What are the changes happened in Job's life after he had encounters with God?
3. Who are the friends of Job whom God was angry with? What is the reason behind it? What did they do as a part of atonement?
4. God changed Job's status. Compare the blessings that he has received at the end with that of his previous status:
5. What is the practical lesson from Job's life?
6. Make a chart on Job's wealth, children, riches and the lost.